# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 617 — 09-07-2013-ലെ മറുപടിയ്ക്ക്

## സർക്കാർ ഓഫീസുകളിൽ ഔദ്യോഗിക കൃത്യനിർവ്വഹണങ്ങളിൽ വീഴ്ചകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | **ശ്രീ. ഉമ്മൻ ചാണ്ടി**<br>ബഹു: മുഖ്യമന്ത്രി | |
| (എ) | സർക്കാർ ഓഫീസുകളിൽ ഔദ്യോഗിക കൃത്യ നിർവ്വഹണങ്ങളിൽ നിരന്തരം വീഴ്ചകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ഓഫീസുകളിൽ ഔദ്യോഗിക കൃത്യ നിർവ്വഹണങ്ങളിൽ നിരന്തരം വീഴ്ചകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുള്ളതിൽ ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ഉദ്യോഗസ്ഥന്മാർ, ഉന്നത തലങ്ങളിൽ നിന്നുള്ള നിരന്തര സമ്മർദ്ദങ്ങളെ തുടർന്ന്, മാനദണ്ഡങ്ങളും മറ്റ് വ്യവസ്ഥകളും പാലിക്കാൻ കഴിയാതെ സമ്മർദ്ദത്തിലായിരിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | ആധുനിക സാങ്കേതിക വിദ്യാ സംവിധാനങ്ങൾ ഉള്ള ഓഫീസുകളിൽ നിന്നുപോലും സേവനം അർഹതപ്പെട്ട എല്ലാവർക്കും ഒരേപോലെ സമയത്തിന് കിട്ടാതിരിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (സി) | ആധുനിക സംവിധാനങ്ങളുമായി ബന്ധപ്പെട്ട ഘടകങ്ങളുടെ അപര്യാപ്തത മൂലമോ, ഉദ്യോഗസ്ഥരുടെ അപര്യാപ്തത മൂലമോ ഏതെങ്കിലും ഓഫീസുകളിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ശ്രദ്ധയിൽ കൊണ്ടുവരുന്ന പക്ഷം പരിശോധിക്കാവുന്നതാണ്. |

| | | |
|---|---|---|
| ഡി) | ഇതിന് പരിഹാരം കണ്ടെത്താതെ സമ്പർക്ക പരിപാടി നടത്തുന്നതിലൂടെ സംവിധാനങ്ങൾ വീണ്ടും ദുർബലപ്പെടുത്തുകയാണെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | പൊതുജന സമ്പർക്ക പരിപാടിയും സർക്കാർ ഓഫീസുകളുടെ ദൈനം ദിന പ്രവർത്തനങ്ങളും പരസ്പര പൂരകങ്ങളായി പ്രവർത്തിച്ചു വരുന്നതിനാൽ സർക്കാർ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാകും. |

സെക്ഷൻ ഓഫീസർ